©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2024 ജൂലൈ 01<br>01st July 2024<br>1199 മിഥുനം 17<br>17th Mithunam 1199<br>1946 ആഷാഢം 10<br>10th Ashadha 1946 | നമ്പർ<br>No. | 2092 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI
[ചട്ടം 22(2) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്

റഫ. നം തസ്വഭവ-ആർ.ഡി2/81/2024-തസ്വഭവ. തീയതി, തിരുവനന്തപുരം, *2024 ജൂൺ, 25.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ ഭാഗത്തിനായി തൃശ്ശൂർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുനിസിപ്പൽ കോർപ്പറേഷൻ പരിഷ്കരണങ്ങളോടു കൂടി സ്വീകരിച്ച മാസ്റ്റർ പ്ലാൻ, 2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്റ്റിലെ (2016 -ലെ 9) 36-ാം വകുപ്പ് (8) -ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 66/2024/തസ്വഭവ. തീയതി 15-06-2024 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | | |
|---|---|---|
| വടക്ക് | : | കോലഴി, മുളംകുന്നത്ത്കാവ്, മാടക്കത്തറ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | : | പാണഞ്ചേരി, നടത്തറ, പുത്തൂർ ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | പാറളം, അവിണിശ്ശേരി, വല്ലച്ചിറ, നെന്മണിക്കര ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | അടാട്ട്, അരിമ്പൂർ ഗ്രാമപഞ്ചായത്തുകൾ |

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ-നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ

(1) തേക്കിൻകാട് മൈദാൻ

(2) എക്സിസ്റ്റിങ് ഷൊർണ്ണൂർ റോഡ് ഏര്യ

(3) ഷൊർണ്ണൂർ ബൈപാസ് റോഡ് ഏര്യ

(4) നോർത്ത് റിംഗ് റോഡ് (പാർട്ട് - II) ഏര്യ

(5) റിംഗ് റോഡ് ഈസ്റ്റ്

(6) ഇരട്ടച്ചിറ ചെട്ടിയങ്ങാടി ഏര്യ

(7) സൗത്ത് വെസ്റ്റ് സ്വരാജ് റൗണ്ട് ഏര്യ

(8) എം. ജി. റോഡ് ഏര്യ

(9) വെസ്റ്റ് റിംഗ് റോഡ്

(10) കണ്ണംകുളങ്ങര ഏര്യ

(11) കണ്ണംകുളങ്ങര എക്സ്റ്റൻഷൻ (സൗത്ത് വെസ്റ്റ്)

(12) ജംഗ്ഷൻ ഇംപ്രൂവ്മെന്റ് ഓഫ് അരണാട്ടുകര

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - ബാധകമല്ല.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ 62 (3) വകുപ്പ് പ്രകാരം ഒരു പ്രദേശത്ത് അനുമതി ലഭിച്ച മാസ്റ്റർ പ്ലാനും പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, അനുമതി ലഭിച്ച മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ വ്യവസ്ഥകൾക്കുമേൽ നിലനിൽക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക

(1) തേക്കിൻകാട് മൈദാൻ

(2) എക്സിസ്റ്റിങ് ഷൊർണ്ണൂർ റോഡ് ഏര്യ

(3) ഷൊർണ്ണൂർ ബൈപാസ് റോഡ് ഏര്യ

(4) നോർത്ത് റിംഗ് റോഡ് (പാർട്ട് – II) ഏര്യ

(5) റിംഗ് റോഡ് ഈസ്റ്റ്

(6) ഇരട്ടച്ചിറ ചെട്ടിയങ്ങാടി ഏര്യ

(7) സൗത്ത് വെസ്റ്റ് സ്വരാജ് റൗണ്ട് ഏര്യ

(8) എം. ജി. റോഡ് ഏര്യ

(9) വെസ്റ്റ് റിംഗ് റോഡ്

(10) കണ്ണംകുളങ്ങര ഏര്യ

(11) കണ്ണംകുളങ്ങര എക്സ്റ്റൻഷൻ (സൗത്ത് വെസ്റ്റ്)

(12) ജംഗ്ഷൻ ഇംപ്രൂവ്മെന്റ് ഓഫ് അരണാട്ടുകര

നിലവിലെ അംഗീകൃത വിശദ നഗരാസൂത്രണ പദ്ധതികൾ അവയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതും നിലവിലെ വികസന സാഹചര്യത്തിന് അനുസൃതമായി വിശദ നഗരാസൂത്രണ പദ്ധതിയിലെ നടപ്പിലാക്കുവാൻ സാധ്യമാവുന്ന നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി 2016–ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 50 (1)-ാം വകുപ്പിന്റെ രണ്ടാം പ്രോവിസോ പ്രകാരം മേൽ വിശദ നഗരാസൂത്രണ പദ്ധതികൾ റദ്ദ് ചെയ്യുന്നതിനു സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ – ബാധകമല്ല

2016–ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ഡോ.ഷർമിള മേരി ജോസഫ്

*പ്രിൻസിപ്പൽ സെക്രട്ടറി*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.07.01 07:20:22 +05:30